"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഷാജി.എ. കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ - സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2166/2021/ആ.ക.വ തീയതി,തിരുവനന്തപുരം, 06/10/2021

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.03.2021, 01.09.2021 തീയതികളിലെ ഇ.എ4-61567/2020/ആവഡ നമ്പർ കത്തുകൾ.

ഉത്തരവ്

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഷാജി.എ 31.08.2020 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കലിന് 17.04.2020 തീയതിയായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്തുകൾ മുഖാന്തിരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഡോ.ഷാജി.എ-ക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികളൊന്നും നിലവിലില്ലെന്നും, എന്നാൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ 01.06.2017 മുതൽ 30.09.2019 വരെയുള്ള ആഭ്യന്തര ആഡിറ്റ് റിപ്പോർട്ടിൽ മെഡിക്കൽ ഓഫീസറുടെ പേരിൽ 16270/- രൂപ ബാധ്യതയുണ്ടെന്നും പ്രസ്തുത തുക ഡോ.ഷാജിയുടെ ഡി.സി.ആർ.ജി-യിൽ നിന്ന് ഈടാക്കിക്കൊള്ളാമെന്ന് പെരിന്തൽമണ്ണ ജില്ലാ ആശുപത്രി സൂപ്രണ്ട് സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. സേവന കാലത്ത് എന്തെങ്കിലും സാമ്പത്തിക ബാധ്യത പിൽക്കാലത്ത് കണ്ടുപിടിക്കുന്ന പക്ഷം ആയത് റവന്യൂ റിക്കവറി നടപടികൾ പ്രകാരം ഈടാക്കാവുന്നതാണെന്ന് ഡോ.ഷാജി സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അക്കൗണ്ടന്റ് ജനറലിന്റെ കത്തിൽ 21.01.2020-ൽ ഡോ.ഷാജി.എ 20 വർഷവും 2 മാസവും, 10 ദിവസവും സേവന കാലം പൂർത്തിയാക്കിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) മേൽ സാഹചര്യത്തിൽ, കെ.എസ്.ആർ ഭാഗം III ചട്ടം 56 പ്രകാരം VRS അപേക്ഷ സമർപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളെല്ലാം തന്നെ ഡോ.ഷാജിയുടെ അപേക്ഷയിൽ പാലിക്കപ്പെട്ടിരിക്കുന്നതിനാലും, മെഡിക്കൽ ആഫീസറുടെ പേരിൽ അനന്തര ബാധ്യതകൾ കണ്ടെത്തുന്ന പക്ഷം ആയത് മെഡിക്കൽ ഓഫീസറുടെ ഡി.സി.ആർ.ജി-യിൽ നിന്നും വീണ്ടെടുക്കുന്നതാണെന്ന നിബന്ധനയോടെ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഷാജിക്ക് 31.08.2020 തീയതി പ്രാബല്യത്തിൽ സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

3) 04.05.2019-ലെ സ.ഉ (അച്ചടിച്ചത്) നം.55/2019/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഡോ.ഷാജിയുടെ പെൻഷനുള്ള അപേക്ഷ പെൻഷൻ അനുവദിക്കുന്ന അധികാരിക്ക്/അക്കൗണ്ടന്റ് ജനറലിന്, ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ

സമർപ്പിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
ഡോ.ഷാജി.എ, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ ഇ എ4- 61567/2020/ആവഡ
തീയതി 13.10.2021

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അന്തര നടപടികൾക്കുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

ഡോ. ഷാജി. എ
സഫയർ
പട്ടാമ്പി റോഡ്
പെരിന്തൽമണ്ണ
മലപ്പുറം.
679322.